# THE INDIA PENTECOSTAL CHURCH OF GOD

(REGISTERED IN 1935 AT ELURU, A. P. UNDER SOCIETY ACT XXI OF 1860, REGD. NO. 9/1935-36)
P.B. NO.22. HEBRON, KUMBANAD, KERALA, INDIA 689 547
E-mail : ipckerala@gmail.com, Website: www.ipc.live, Ph: 9656364765, 9995064765

## KERALA STATE


IPCKL/9016/2025 17/10/2025

### സഭാരജിസ്ട്രേഷൻ & മെമ്പർഷിപ് 2024, 2025

കർത്താവിൽ പ്രിയ ശുശ്രൂഷകനും സഭയ്ക്കും സ്നേഹവന്ദനം.

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾക്ക് സഭയായി നൽകി വരുന്ന എല്ലാ സഹകരണത്തിനും പ്രാർത്ഥനയ്ക്കും നന്ദി. ഐപിസി കേരള സ്റ്റേറ്റിന്റെ അടുത്ത ടേമിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ ഭാഗമായി ഐപിസി ജനറൽ നേതൃത്വത്തിന്റെ 20-09-2025ലെ IPCGC/93/25-26 കത്തിലെ നിർദേശാനുസരണം ലോക്കൽ സഭകളുടെ രജിസ്ട്രേഷനും സഭാംഗങ്ങളുടെ മെമ്പർഷിപ്പ് ശേഖരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള വിവരങ്ങൾ അറിയിക്കുന്നതിന് വേണ്ടിയാണ് ഈ കത്ത് എഴുതുന്നത്.

ഐപിസി സഭയുടെ പ്രാദേശികതലം മുതൽ ജനറൽ വരെ ക്രമാനുഗതമായി നടന്നു വരേണ്ട തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്നതിനും പൊതുയോഗ പ്രതിനിധി ലിസ്റ്റ് തയ്യാറാക്കുന്നതിനും മെമ്പർഷിപ്പ് ശേഖരണം അനിവാര്യമാണ്. ആയതിനാൽ ഈ കത്തിൽ താഴെ വിവരിക്കുന്ന പ്രകാരം മെമ്പർഷിപ്പ് ശേഖരിക്കുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യണമെന്ന് അറിയിക്കുന്നു.

സഭയുടെ വാർഷിക രജിസ്ട്രേഷൻ ഫീസ് 100 രൂപയും സഭാഭരണഘടനാപ്രകാരം ഒരംഗത്തിന്റെ വാർഷിക അംഗത്വ ഫീസ് 50 രൂപയും ആയിരിക്കും. (അതിൽ 10 രൂപ സെന്ററിന്റെയും 20 രൂപ സ്റ്റേറ്റിന്റെയും 20 രൂപ ജനറലിന്റെയും വിഹിതമാണ്). മെമ്പർഷിപ്പ് ഡ്യൂസ് കാൽക്കുലേഷൻ മുൻവർഷങ്ങളിൽ ചെയ്തുവരുന്നത് പോലെ ipc.live വെബ്പോർട്ടലിൽ ഐപിസി കേരള സ്റ്റേറ്റ് ഡാഷ്ബോർഡ് വഴിയാണ് സബ്മിറ്റ് ചെയ്യേണ്ടത്.

2024, 2025 വർഷത്തെ മെമ്പർഷിപ്പും രജിസ്ട്രേഷൻ ഫീസും 2025 ഡിസംബർ 20-നകം വെബ്പോർട്ടൽ മുഖേന ലഭിച്ചിരിക്കേണ്ടതാണ്. വെബ്പോർട്ടൽ സബ്സ്ക്രൈബ് ചെയ്തിട്ടുള്ള സഭകൾ സഭയുടെ ഡാഷ്ബോർഡ് വഴിയും അല്ലാത്ത സഭകൾ സെന്റർ ഡാഷ്ബോർഡ് വഴിയുമാണ് മെമ്പർഷിപ്പും രജിസ്ട്രേഷൻ ഫീസും സബ്മിറ്റ് ചെയ്യേണ്ടത്. മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ സെന്ററിനു നൽകിയ തുകയുടെ രേഖ ഇമെയിൽ വഴി അയച്ചു നൽകേണ്ടതാണ്. അതത് ലോക്കൽ സഭകളിലെ അംഗങ്ങളുടെ മെമ്പർഷിപ്പ് ശേഖരണം സമയബന്ധിതമായി നടത്തുന്നതിനും സെന്ററിലും സ്റ്റേറ്റിലും ജനറലിലും അവ അടച്ച് രജിസ്ട്രേഷൻ & മെംബർഷിപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതിന്റെ ഉത്തരവാദിത്വം അതത് ലോക്കൽ സഭകളിൽ നിക്ഷിപ്തമായിരിക്കും. പുതിയ അംഗങ്ങളെ ചേർക്കുകയും, മരണം, വിവാഹം മറ്റ് കാരണങ്ങളാൽ അംഗമല്ലാതായവരെ ഒഴിവാക്കി സഭാംഗത്വ ലിസ്റ്റ് പുതുക്കുന്ന ചുമതലയും ലോക്കൽ സഭകൾക്കായിരിക്കും.

സെന്റർ ശുശ്രൂഷകന്മാർ അവരവരുടെ സെന്ററിന്റെ പരിധിയിലുള്ള എല്ലാ സഭകളുടെയും രജിസ്ട്രേഷനും അംഗത്വ ഫീസും യഥാസമയം നൽകി മെമ്പർഷിപ് നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ട മതിയായ ശ്രദ്ധ നൽകണം എന്നും അറിയിക്കുന്നു.

എന്ന്,
ഐപിസി കേരള സ്റ്റേറ്റിനു വേണ്ടി,

| | | |
|---|---|---|
| പാസ്റ്റർ സി.സി ഏബ്രഹാം | പാസ്റ്റർ കെ.പി കുര്യൻ | ബ്രദർ ജെയിംസ് ജോർജ് |
| (പ്രസിഡന്റ്) | (സെക്രട്ടറി) | (ട്രഷറർ) |

KERALA STATE THE INDIA PENTECOSTAL CHURCH OF GOD

നിബന്ധനകൾ മറുപുറം......

## നിബന്ധനകൾ

1. ipc.live വെബ്പോർട്ടലിൽ മെമ്പേഴ്സ് ഡ്യൂസ് കാൽക്കുലേറ്റ് ചെയ്ത ശേഷം സബ്മിറ്റ് ചെയ്ത തുക വെബ്പോർട്ടലിൽ തന്നെ ഓൺലൈനായി അടക്കേണ്ടതാണ്.
2. വെബ്പോർട്ടലിൽ സഭാംഗങ്ങളുടെ പേര് പൂർണരൂപത്തിൽ നൽകേണ്ടതാണ്. (സർക്കാർ രേഖപ്രകാരമുള്ള ഔദ്യോഗിക പേരായിരിക്കണം). ഒരു കുടുംബത്തിലെ ഗൃഹനാഥന്റെ/ഗൃഹനാഥയുടെ പൂർണ്ണ വിലാസം വെബ്പോർട്ടലിൽ അപ്ഡേറ്റ് ചെയ്യണം. എല്ലാ അംഗങ്ങളുടെയും ജനനത്തീയതി രേഖപ്പെടുത്തണം. ഏതെങ്കിലും വിധത്തിൽ തിയ്യതിയോ മാസമോ അറിവില്ലാത്ത സാഹചര്യത്തിൽ 01/01/വർഷം എന്ന രീതിയിൽ രേഖപ്പെടുത്തണം. എന്നാൽ വർഷം കൃത്യമായിരിക്കണം.
3. ഐപിസിയിൽ അംഗത്വം എടുത്ത തീയതി രേഖപ്പെടുത്തണം. മൊബൈൽ നമ്പർ രേഖപ്പെടുത്തണം.
4. രജിസ്റ്റേർഡ് മെമ്പേഴ്സ് സഭയിലെ സ്നാനപ്പെട്ട അംഗങ്ങൾ; ഫാമിലി മെമ്പേഴ്സ് – കുട്ടികളും സ്നാനപ്പെടാത്ത മുതിർന്നവരും.
5. ഓരോ സഭയും നിർബന്ധമായും കുടുംബ രജിസ്റ്റർ വ്യക്തമായും പൂർണ്ണമായും എഴുതി സൂക്ഷിക്കേണ്ടതാണ്.
6. വെബ്പോർട്ടൽ സബ്സ്ക്രൈബ് ചെയ്തിട്ടില്ലാത്ത സഭകൾ ipc.live വെബ്പോർട്ടലിൽ അംഗത്വമെടുക്കുന്നത് അഭികാമ്യമായിരിക്കും.
7. സംശയനിവാരണങ്ങൾക്ക് ഐപിസി കേരള സ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

NB: 2023ലെ രജിസ്ട്രേഷൻ & മെമ്പർഷിപ് ഫീസ് കുടിശക വരുത്തിയിട്ടുള്ള സഭകൾ അവ കൂടി അടക്കേണ്ടതാണ്
(ഐപിസി കേരള സ്റ്റേറ്റിന്റെ 09–02–2024 ലെ IPCKL/7654/2024 നമ്പർ കത്ത് കാണുക).

ഐപിസി കേരള സ്റ്റേറ്റ് സെക്രട്ടറി,

THE INDIA PENTECOSTAL CHURCH OF GOD KERALA STATE

പാസ്റ്റർ കെ. പി. കുര്യൻ